● റിപ്പോർട്ട്

# പ്ലാച്ചിമടയിൽ വേണ്ടാത്തത് വാഴക്കുളത്ത് വേണമോ ?

കുട്ടൻ

**ബഹുരാഷ്ട്ര** ഭീമന്മാർ ഇങ്ങനെ വളരുന്നതിൽ എന്തൽഭുതമാണുള്ളത് ? മൂന്നാം ലോകത്തിലെ ഭരണാധികാരികളേയും ഒരു വലിയ വിഭാഗം ജനങ്ങളേയും എങ്ങനെ കൈകാര്യം ചെയ്യണമെന്ന് അവർക്കറിയാം. ആരെ അടിക്കണമെന്നും ആരോട് അടുക്കണമെന്നും നന്നായിട്ടറിയാം. പ്ലാച്ചിമടയിലെ പാവപ്പെട്ട ആദിവാസികൾ തങ്ങളുടെ കുടിവെള്ളം സംരക്ഷിക്കാൻ നടത്തിയ സമരത്തിന്റെ ഊർജ്ജംകൊണ്ട് ഇന്നത് ലോകമാകെ അറിയപ്പെടുന്ന ഒന്നായി മാറി. ജനകീയ സമരത്തിലൂടെ അടച്ചുപൂട്ടപ്പെട്ട കൊക്കകോളയുടെ ആദ്യകമ്പനി പ്ലാച്ചിമടയിലേതാണ്. സമരത്തിന്റെ യാഥാർത്ഥ്യം ഏതാണ്ടെല്ലാ രാഷ്ട്രീയ കക്ഷികൾക്കും അംഗീകരിക്കേണ്ടിവന്നു. പ്ലാച്ചിമടയിലെ കമ്പനി തുറക്കണമെന്നു പറയാൻ ഒരു രാഷ്ട്രീയകക്ഷിക്കും കഴിയാത്ത അവസ്ഥയായി. അവിടെനിന്നും വെള്ളമെടുക്കാതായി. 191 രാജ്യങ്ങളിൽ ഉൽപാദന യൂണിറ്റുകളുള്ളവരാണ് കോക്ക്. അമേരിക്കൻ പ്രസിഡണ്ടും ബ്രിട്ടീഷ് പ്രധാനമന്ത്രിയും അതിന്റെ മുതലാളിയുടെ ആത്മമിത്രങ്ങളാണ്. ഇറാക്കിലും അഫ്ഗാനിസ്ഥാനിലും മറ്റും മൂലധന താൽപര്യസംരക്ഷണത്തിനായി സൈന്യത്തെ ഇറക്കിയതുപോലെ പ്ലാച്ചിമടയിലും വേണമെങ്കിൽ കൊണ്ടു വരാമായിരുന്നു. പക്ഷെ ഇന്നാട്ടിലെ പോലീസ് തന്നെ ആ ജോലി നിർവ്വഹിച്ചിതിനാലും ആദിവാസികൾ തീർത്തും അഹിംസാത്മകമായി സമരം ചെയ്തതിനാലും ഇതുണ്ടായില്ല.

ഇനി വെള്ളത്തിനെന്തു ചെയ്യും എന്ന ചിന്തയുണ്ടായപ്പോഴാണ് പെരുമ്പാവൂരിനടുത്തുള്ള വാഴക്കുളം പഞ്ചായത്തിൽപ്പെട്ട പൊതിയെന്ന സ്ഥലത്ത് അവർ ചെന്നെത്തിയത്. പെരിയാറിന്റെ കരയിൽ ആകയാൽ വെള്ളത്തിനു തൽക്കാലം ക്ഷാമുണ്ടാകില്ല. കോളക്കമ്പനി നേരിട്ടുവന്നില്ല. പകരം അവരുടെ ഏജന്റായി ഒരു കേരളക്കമ്പനി വന്നു. അവരാണെങ്കിൽ കേരളഭരണത്തിൽ നിർണായക സ്വാധീനമുള്ളവരുമാണ്. അവിടെയെങ്ങും ആദിവാസിയില്ല. എല്ലാം മധ്യവർഗ-ദരിദ്രവിഭാഗങ്ങൾ. പ്ലാച്ചിമടയിലെ സമരം കത്തിപ്പടരുമ്പോഴും കേരളത്തിലെ മദ്ധ്യവർഗ ബുദ്ധിജീവികളിൽ വലിയൊരു വിഭാഗം - അതിൽ സാഹിത്യകാരൻ സഖറിയയുണ്ട് (കടുത്ത ആദിവാസി പ്രേമിയാണദ്ദേഹം!) വിപ്ലവ മാർക്സിസ്റ്റായി കൊണ്ടാടപ്പെടുന്ന എം.എൻ. വിജയൻ മാഷുണ്ട്, മുൻ വിപ്ലവകാരി കെ. വേണുവുണ്ട്. ഈ സമരത്തെ വിവിധ കോണുകളിൽ നിന്നും പുച്ഛിച്ചുകൊണ്ടെതിർത്തു. ഇക്കാര്യം കോളക്കമ്പനി ശ്രദ്ധിച്ചിരുന്നു. കേരളത്തിലെ ശരാശരി മദ്ധ്യവർഗക്കാരെ ഭയപ്പെടേണ്ടതില്ലെന്നവർക്കു മനസ്സിലായി. അതു മാത്രവുമല്ല, ഈ ജനങ്ങളെ പല രീതിയിയിൽ വിഭജിക്കാമെന്നും അവർക്കറിയാം. പ്രദേശത്തെ ജനങ്ങളുടെയും കമ്പനി ഉടമയുടെയും ജാതി മത കണക്കുകൾ ഇറക്കി കളിച്ചാൽ മതി. അതും പോരെങ്കിൽ നമ്മുടെ രാഷ്ട്രീയ കക്ഷികളെ ആശ്രയിക്കാം.

മൂന്നുവർഷം മുമ്പ് ഈ സ്ഥലത്ത് വെള്ളം കുപ്പിയിലാക്കി വിൽക്കാനെന്ന പേരിൽ ഒരു കമ്പനിവന്നു. നെസ്റ്റ് എന്ന ഗ്രൂപ്പാണിത് നടത്തുന്നത്. ഭൂഗർഭജലം 140 എച്ച്.പി. പമ്പുവെച്ച് ദിവസം മുഴുവൻ അടിച്ച് കോളയുടെ 'കിൻലേ' ബ്രാന്റ് പേരിട്ട് വിൽക്കുന്നു. ഫലത്തിൽ കോളക്കമ്പനിയുടെ ദല്ലാൾ ആയി ഇവർ മാറി. പ്ലാച്ചിമടയിൽ നിന്നും വെള്ളമെടുക്കാൻ കഴിയാതെ വന്നപ്പോൾ ടാങ്കർ ലോറികളിൽ ഇവിടെ നിന്നും കൊണ്ടുപോകാൻ തുടങ്ങി. കടുത്ത വേനലായപ്പോൾ തൊട്ടടുത്തുള്ള കിണറുകളിലും കുളങ്ങളിലും ജലനിരപ്പ് പെട്ടെന്നു താഴ്ന്നു. ജനങ്ങളിൽ കുറച്ചുപേർക്ക് ഇതിന്റെ യാഥാർത്ഥ്യം മനസ്സിലായി. കമ്പനിക്കെതിരെ അവർ സമരത്തിനെത്തി. പെരുമാട്ടി പഞ്ചായത്ത് കോളക്കമ്പനിക്കുള്ള അനുമതി റദ്ദാക്കിയപ്പോൾ ഇവിടെയും അതിനായുള്ള ആവശ്യമുയർന്നു. രാഷ്ട്രീയ കക്ഷി വ്യത്യാസമില്ലാതെ നേതാക്കൾ സമരത്തിനു പിന്തുണയുമായെത്തി. പഞ്ചായത്ത് ഗത്യന്തരമില്ലാതെ അനുമതി റദ്ദാക്കി. കമ്പനി തൽക്കാലം നിർത്തി.

മഴക്കാലമായി. ജലക്ഷാമം നമ്മുടെ ഓർമ്മയിൽ നിന്നുപോയി. പകരം നാലാം ലോകം മുതൽ പെൺവാണിഭം വരെയുള്ള വിഷയങ്ങളിൽ ജനങ്ങൾ തൽപരരായി. ഇതുതന്നെ തക്കം എന്നു കരുതി കമ്പനി കളിച്ചു. പഞ്ചായത്ത് മെരുങ്ങി. പ്രവർത്തനാനുമതി കിട്ടി.

അൽഭുതകരമായ പല കണക്കുകൾ ഇവിടെയുണ്ട്. മുമ്പ് 142 എച്ച്.പി. ശക്തിയുള്ള പമ്പിനാണ് പഞ്ചായത്ത് അനുമതി നൽകിയിരുന്നത്. അന്ന് പ്രതിദിനം എടുത്തിരുന്നത് ഒരു ലക്ഷം ലിറ്റർ വെള്ളമായിരുന്നു. ലൈസൻസ് പുതുക്കിയപ്പോൾ പമ്പിന്റെ ശേഷി 220 എച്ച്.പി. യായി. പക്ഷെ പഞ്ചായത്ത് പറയുന്നത് പ്രതിദിനം 35,000 ലിറ്റർ ജലമേ കമ്പനി എടുക്കൂവെന്നാണ്. പമ്പിന്റെ ശേഷി 150 ശതമാനത്തിലേറെക്കൂടിയപ്പോൾ വെള്ളമെടുക്കൽ മൂന്നിലൊന്നായി കുറഞ്ഞുവത്രെ! ജനങ്ങൾ വീണ്ടും സമരരംഗത്തായി. പക്ഷെ ഇത്തവണ ചില മാറ്റങ്ങളുണ്ടായി. മുമ്പ് കമ്പനിക്കെതിരായി ഘോരഘോരം പ്രസംഗിച്ച പലരും ഇന്ന് നിശ്ശബ്ദരാണ്. ഇതിൽ ഒന്നാമൻ സ്ഥലം എം.എൽ.എ. തന്നെ. താഴേക്ക് പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ വരെ ഈ ഗണത്തിൽപ്പെടും.

ഇതിനിടെ ഒരു വിദഗ്ദ്ധ സമിതി അവിടെ പരിശോധനക്കെത്തി. അവർ ജലചൂഷണം സംബന്ധിച്ച റിപ്പോർട്ട് നൽകി. പക്ഷെ യാതൊരു ഫലവുമില്ല. ഈ വിഷയം സംബന്ധിച്ച ചർച്ചയ്ക്കായി സമരസമിതിക്കാരെ വിളിച്ചില്ല. പകരം അവിടെ പ്രവർത്തിക്കുന്ന ആക്രശ്ശേരി ജലസേചന പദ്ധതിയുടെ (ഏറെപ്പഴക്കമുള്ള) ഗുണഭോക്തൃ സമിതിയുടെ പ്രതിനിധികളെ വിളിച്ചു. എന്നാൽ പഞ്ചായത്ത് പത്രക്കുറിപ്പിറക്കിയപ്പോൾ പറഞ്ഞത്, സമരസമിതിക്കാർ ചർച്ചക്കു വന്നില്ലായെന്നാണ്. വൻ അഴിമതി ഈ ഇടപാടുകൾക്കു പിന്നിലുണ്ടെന്ന് എല്ലാവർക്കുമറിയാം. അവിടെ സമരം ശക്തിപ്പെടുകയാണ്. നവംബർ ഒന്നിന് പഞ്ചായത്ത് ആഫീസിനുമുന്നിൽ ധർണ നടത്തി. ഇനിയും മുന്നോട്ടു പോകുമെന്ന നിലപാടിൽ സമരസമിതി ഉറച്ചുനിൽക്കുന്നു. "പ്ലാച്ചിമടയിലെ നിരക്ഷരരായ ആദിവാസികൾ തൂത്തെറിഞ്ഞതിനെ 'അഭ്യസ്തവിദ്യരായ' വാഴക്കുളത്തുകാർ സ്വീകരിക്കുമോ?" ഇതു മുഴുവൻ കേരളീയരോടുമുള്ള ചോദ്യമാണ്.